**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3662** **05-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിന്റെ പ്രവർത്തനം മികവുറ്റതാക്കി വിവിധ വിഭാഗങ്ങൾക്ക് സഹായം ഉറപ്പുവരുത്താനുള്ള കർമ്മപദ്ധതികൾ എന്തെല്ലാം; ഏതെല്ലാം വിഭാഗങ്ങൾക്കുവേണ്ടി എന്തെല്ലാം ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സഹകരണ വകുപ്പിന്റെ പ്രവർത്തനം മികവുറ്റതാക്കി വിദ്യാർത്ഥികൾ, യുവജനങ്ങൾ, കർഷകർ, ട്രാൻസ്ജെൻഡേഴ്സ്, പ്രവാസികൾ, വനിതകൾ, സാഹിത്യകാരൻമാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, തൊഴിലാളികൾ, പ്രൊഫഷണൽ മേഖലയിലെ അംഗങ്ങൾ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിൽ ഉള്ള ജനവിഭാഗങ്ങൾക്ക് സഹായം ഉറപ്പുവരുത്തുന്ന പദ്ധതികൾ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ സഹായം ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. സംസ്ഥാനത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന സഹകരണ ബാങ്കും, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിച്ചു. പ്രളയബാധിത കേരളത്തിന്റെ പുനർനിർമ്മാണത്തിനായി രൂപീകരിച്ച കെയർ കേരള പദ്ധതി. സഹകരണ ഗവേഷണ മേഖല ശക്തിപ്പെടുത്തുന്നതിനും സഹകരണ പരിശീലനം വിപുലപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് സ്വയം ഭരണ സ്ഥാപനമാക്കിയ അഗ്രികൾച്ചറൽ സഹകരണ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ) യുടെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള പദ്ധതി. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി'. സമൂഹത്തിലെ താഴെ തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷപ്പെടുത്തുന്നതിനായി കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന "മുറ്റത്തെമുല്ല" |

എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി. പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി. "മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)". Special Liquidity Facility (SLF) വിനിയോഗം. അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS). കൃതി അന്താരാഷ്ട്ര പുസ്തക മേള. അക്ഷര-ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം. കേരളത്തിലെ സഹകരണ മേഖലയിലെ എല്ലാ ഉൽപ്പന്നങ്ങളെയും ഏകീകൃത ബ്രാന്റിംഗിനു കീഴിൽകൊണ്ടു വരുന്നതിനായി നടപ്പിലാക്കിയ Coopmart കൾ. വിലക്കയറ്റം തടയുന്നതിനായി 13 ഇന നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഉത്സവകാല ചന്തകൾ. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ "ഹരിതം സഹകരണം". ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള സുഭിക്ഷ കേരളം പദ്ധതി. സഹകരണ സംഘങ്ങൾ മുഖേന ആരംഭിച്ച coopmart Veg Fresh പച്ചക്കറി സംഭരണ വിതരണ കേന്ദ്രങ്ങൾ. സഹകരണ നയം. റിസ്ക് ഫണ്ട് പദ്ധതി. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ/ കെ.എസ്.ആർ.ടി.സി പെൻഷൻ എന്നിവയുടെ വിതരണം. ട്രാൻസ്ജെൻഡേഴ്സ് വിഭാഗക്കാരുടെ ക്ഷേമത്തിനായി ട്രാൻസ്ജെൻഡേഴ്സ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലി .നം .4498 ന്റെ രൂപീകരണം. 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിത വായ്പ നൽകുന്ന വിദ്യാതരംഗിണി എന്ന പദ്ധതി. കൂടാതെ വിവിധ ജനവിഭാഗങ്ങൾക്ക് സഹായം ഉറപ്പുവരുത്തുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നു. മേൽ പരാമർശിച്ചിട്ടുള്ള വിവിധ പദ്ധതികൾ കൂടാതെ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. പ്രാഥമിക

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങളേയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തി കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുമെന്ന് 2021-22 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 3 ഘടകങ്ങൾ ചുവടെ ചേർക്കുന്നു. 1. Co operatives Initiative for Agriculture Infrastructure in Kerala (CAIK) - പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS) 4% പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർ വായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കുന്നതിനും 2021-2022 സാമ്പത്തിക വർഷം 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനും ടി വായ്പാ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2. തൊഴിൽ സംരഭകർക്കുള്ള വായ്പാ പദ്ധതി കാർഷിക വ്യാവസായിക സേവന മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കുമായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനു വേണ്ടി 2021-2022 സാമ്പത്തിക വർഷം 1600 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനായി ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 3. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ – 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 4% പലിശനിരക്കിൽ ലഭ്യമാക്കുന്നതിനും 2021-2022 സാമ്പത്തിക വർഷത്തിൽ 1000 കോടി രൂപയുടെ ബാങ്ക് വായ്പ കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ യുവ സംരംഭകരെയും സേവന ദാതാക്കളെയും സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ടി വിഭാഗത്തെ ഉൾപ്പെടുത്തി കൊണ്ട് 25 പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതാണ്. സംസ്ഥാന വ്യാപകമായി പ്രവർത്തന പരിധിയുള്ള ഒരു നെല്ല് സഹകരണ സംഘം ആരംഭിക്കുകയും പാലക്കാട് റൈസ് മില്ലിന്റെ മാതൃകയിൽ 2 ആധുനിക റൈസ് മില്ലുകൾ കൂടി ആരംഭിക്കുന്നതാണ്. സാഹിത്യ പ്രവർത്തക സഹകരണ സംഘം (SPCS) മാതൃകയിൽ കലാകാരന്മാർ, സംഗീതജ്ഞർ, പെർഫോർമിംഗ് ആർട്ടിസ്റ്റ്, നാടക കലാകാരന്മാർ എന്നിവർക്കു വേണ്ടി ഒരു സംഘം രൂപീകരിക്കുന്നതാണ്. |
| (ബി) | കേരള ബാങ്ക് വഴി നിക്ഷേപ സമാഹരണത്തിനായും ആയത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും വളർച്ചയ്ക്കുമായി | (ബി) | കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പല വിധത്തിലുള്ള കറണ്ട്/സേവിംഗ്സ് അക്കൗണ്ടുകളും |

| | |
|---|---|
| ഉപയോഗിക്കുന്നതിനായും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നത്; വിശദമാക്കാമോ? | സ്ഥിര നിക്ഷേപ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. നിക്ഷേപങ്ങൾക്ക് ദേശസാത്കൃത ബാങ്കുകളേക്കാൾ പലിശ നിരക്ക് നൽകുന്നുണ്ട്. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് നബാർഡ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട 2 കോടി വരെയുള്ള പ്രാഥമിക മൂല്യ വർദ്ധിത സംരംഭ വായ്പകൾക്ക് (വ്യക്തികൾക്കും, സംഘങ്ങൾക്കും) അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ നിന്നുള്ള 3% പലിശ ഇളവിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഇന്ത്യയിലെ കർഷകർക്കായി ഒരു ലക്ഷം കോടി രൂപയാണ് ഈ പദ്ധതി മുഖേന പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിന്റെ ആകെ വിഹിതം 2520 കോടി രൂപയാണ്. AIF പദ്ധതിയ്ക്ക് 2020-21 മുതൽ 2029-30 വരെ 10 വർഷ കാലാവധി ഉണ്ടായിരിക്കും. കാർഷിക ഉല്പാദനം വിളവെടുപ്പിനു ശേഷമുള്ള അടിസ്ഥാന സൗകര്യം, വികസനം, കമ്മ്യൂണിറ്റി ആസ്തി വികസനം, വിഭവ സമാഹരണം എന്നീ മേഖലകളുടെ ശക്തിപ്പെടുത്തലിനും വികസനത്തിനുമാണ് ധനസഹായം വിനിയോഗിക്കുന്നത്. ഇത്തരം പദ്ധതികൾക്ക് ആവശ്യമായ ഇടത്തരം/ദീർഘകാല വായ്പകൾക്ക് 3% പലിശ സബ്സിഡി നിന്ന് ലഭിക്കുന്നതാണ്. കാർഷികാവശ്യങ്ങൾക്കായി കേരള ബാങ്കിൽ നിന്നും താഴെ പറയുന്ന വായ്പാ പദ്ധതികൾ ലഭ്യമാണ്. 1. കെ.ബി.കിസാൻ മിത്ര (Above 3 lakhs) 2. KBLT Agricultural Refinance. 3. KB Kissan Mitra കർഷകർക്ക് വസ്തു ഈടിൻ മേൽ അതാത് വർഷത്തെ വായ്പാ അനുസരിച്ച് 8.50% പലിശ നിരക്കിൽ ഓരോ വർഷവും പുതുക്കി പരമാവധി 5 വർഷം വരെ ഹ്രസ്വകാല കാർഷിക വായ്പയായി അനുവദിച്ചു വരുന്നു. കർഷകർക്ക് 3 ലക്ഷം രൂപ വരെ KCC രീതിയിൽ വായ്പ അനുവദിച്ചു വരുന്നു. പരമാവധി 15 വർഷത്തേയ്ക്ക് 60 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ കർഷകർക്ക് വിവിധ കാർഷിക ആവശ്യങ്ങൾക്കായി അനുവദിച്ചു വരുന്നു. കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി 8.50% പലിശ നിരക്കിൽ കേന്ദ്ര സർക്കാർ സബ്സിഡിയോടു കൂടി KB Food Processing വായ്പ നൽകി വരുന്നു. ചെറുകിട വ്യവസായ സംരംഭകർക്കായി താഴെ പറയുന്ന വായ്പാ പദ്ധതികൾ ലഭ്യമാണ്. 1. KB Mithra (MSME) വായ്പാ പദ്ധതി 8.75% പലിശ നിരക്കിൽ 60 ലക്ഷം രൂപ വരെയും കമ്പനികൾക്ക് 1 |

| | | | |
|---|---|---|---|
| | | | കോടി രൂപ വരെയും ചെറുകിട വ്യവസായ സംരംഭകർക്കായി നൽകി വരുന്നു. 2. KB Suvidha (MSME) 10 ലക്ഷം രൂപ വരെ 10 വർഷ കാലയളവിൽ നൽകി വരുന്നു. 3. തിരികെ എത്തിയ പ്രവാസികൾക്കായി നോർക്കാ റൂട്ട്സുമായി സഹകരിച്ച് സബ്സിഡിയോടു കൂടി ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ 11% പലിശ നിരക്കിൽ 24 ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. 4. കേരള ബാങ്ക് മുഖേന 6% പലിശ നിരക്കിൽ കർഷകർക്ക് വായ്പ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ